ഡിറ്റിപിസി-യിലെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

120(412) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഡിറ്റി.പി.സി.-ക്ക് ഈ സാമ്പത്തിക വർഷം ടൂറിസം വികസനത്തിനായി എന്തുതുക നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ:

(ബി) അപ്രകാരം അനുവദിച്ചിട്ടുണ്ടെങ്കിൽ ആ തുക ഏതേത് ഇനങ്ങളിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ:

(സി) ഡി.റ്റി.പി.സി.-യിൽ വർഷങ്ങളായി താത്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ: ഉണ്ടെങ്കിൽ അതത് നടപ്പായിട്ടുണ്ടോ?

ഉത്തരം

(എ) 96,48,350 രൂപ (തൊണ്ണൂറ്റിയാറ് ലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം)

(ബി) 1. ആശ്രമത്തെ കുട്ടികളുടെ ഫർണിച്ചറിന്റെ നവീകരണം - കളിയുപകരണങ്ങൾ വാങ്ങൽ - 48,13,300 രൂപ
2. ക്ളീൻ ഡെസ്റ്റിനേഷൻ പദ്ധതി - 11,88,000 രൂപ
3. ഹൗസ് ബോട്ട് ടെർമിനൽ - 32,00,000 രൂപ
4. ഉത്സവം പദ്ധതി - 4,47,000 രൂപ

(സി) ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

വിനോദസഞ്ചാര രംഗത്ത് വയനാട് ജില്ലയിലെ പദ്ധതി പ്രവർത്തനം

121(413) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർഷങ്ങളിൽ വിനോദ സഞ്ചാര വികസന രംഗത്ത് വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രധാന പരിപാടികൾ വ്യക്തമാക്കുമോ:

(ബി) വയനാട് ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ:

(സി) വിനോദസഞ്ചാര വികസന പരിപാടികളുടെ ഭാഗമായി കഴിഞ്ഞ നാലുവർഷങ്ങളിൽ ഓരോ വർഷവും വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly